പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 568 — 28-02-2017 ൽ മറുപടിക്ക്

## കെൽട്രോൺ മൂടാടി ലൈറ്റിംഗ് ഡിവിഷന്റെ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ സബ്സിഡിയറി യൂണിറ്റായ മൂടാടി ലൈറ്റിംഗ് ഡിവിഷന്റെ വികസനമാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ സബ്സിഡിയറി യൂണിറ്റായ മൂടാടി ലൈറ്റിംഗ് ഡിവിഷന്റെ വികസനമാവശ്യപ്പെട്ട്,കെൽട്രോൺ മാനേജിംഗ് ഡയറക്ടർ നിവേദനം നൽകിയിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ഒട്ടേറെ വികസന സാധ്യതയുള്ള കെൽട്രോണിന്റെ ഈ യൂണിറ്റിന്റെ വികസനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;<br><br>(സി) പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലെങ്കിൽ മുന്തിയ പരിഗണന നൽകി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | ഒട്ടേറെ വികസന സാധ്യതയുള്ള കെൽട്രോണിന്റെ മൂടാടി യൂണിറ്റിന്റെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു. മൂടാടി യൂണിറ്റിനെ കെൽട്രോൺ ലൈറ്റിങ്ങ് ഡിവിഷനായി നവീകരിച്ച് എൽഇഡി ട്യൂബ് ലൈറ്റുകളും സ്ട്രീറ്റ് ലൈറ്റുകളും ഇവിടെ നിന്ന് ഉൽപാദിപ്പിക്കുന്നു. എൽഇഡി വിളക്കുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കും ആവശ്യമായ ആധുനിക സൗകര്യങ്ങളെല്ലാം, ഏകദേശം രണ്ടരക്കോടി രൂപയോളം മുടക്കി കെൽട്രോൺ ടി യൂണിറ്റിൽ ഒരുക്കിയിട്ടുണ്ട്.<br><br>കേന്ദ്ര ഇലക്ട്രോണിക്സ് & ഐടി മന്ത്രാലയത്തിൽ നിന്നുള്ള സഹായത്തോടെ സി-ഡാക് വികസിപ്പിച്ച ഡിജിറ്റൽ ഹിയറിങ്ങ് എയ്ഡുകളുടെ സാങ്കേതികവിദ്യ കെൽട്രോൺ ടി.ഒ.ടി അടിസ്ഥാനത്തിൽ സ്വായത്തമാക്കി മൂടാടി യൂണിറ്റിൽ നിർമ്മിച്ചുവരികയാണ്. ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിങ് എയ്ഡ്, ഡിജിറ്റൽ നോൺ- പ്രോഗ്രാമബിൾ ഹിയറിങ് എയ്ഡ് എന്നിങ്ങനെ രണ്ട് ഉപകരണങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്. മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ഹിയറിങ്ങ് എയ്ഡുകളാണ് മൂടാടിയിൽ നിർമ്മിക്കുന്നത്. കേന്ദ്ര സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ആർട്ടിഫിഷ്യൽ ലിമ്പ്സ് മാനുഫാക്ച്ചറിങ്ങ് കോർപ്പറേഷൻ ഒഫ് ഇന്ത്യയ്ക്കു വേണ്ടി ഡിജിറ്റൽ ഹിയറിങ്ങ് എയ്ഡുകളുടെ ഓർഡറുകൾ കെൽട്രോണിന് കിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ